56 (2616) ബസ്സ് ചാർജ്ജ് വർദ്ധനവ്

ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ബസ്സ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച അന്തിമ തീരുമാനം ഗവൺമെന്റ് തലത്തിൽ എടുത്തിട്ടില്ല.

(ബി) അങ്ങനെ ഒരു കമ്മിറ്റി നിലവിലില്ല.

(സി) ഉദിക്കുന്നില്ല.

57 (2617) പ്രവർത്തനക്ഷമമല്ലാത്ത കെ.എസ്.ആർ.ടി.സി ബസ്സുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേറ്റ് ചെയ്യാൻ കഴിയാത്ത കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണമെത്ര;

(ബി) പ്രസ്തുത വണ്ടികൾ നന്നാക്കുന്നതിന് എന്ത് ചെലവ് വഹിക്കേണ്ടതായി വരും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) 1999 ജനുവരി 1-ാം തീയതി മുതൽ മെയ് മാസം 31 വരെ കോർപ്പറേഷന്റെ എത്ര സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്;

(ഡി) അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ബസ്സുകളും ഉപയോഗയോഗ്യമാണ്. ഇവയിൽ 366 ബസ്സുകൾ പല തരത്തിലുള്ള അറ്റകുറ്റപണികൾക്കായി വർക്ക്ഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ബി) അറ്റകുറ്റപണികൾ നടന്നുവരുകയാണ്. എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly